(ഇ) പഞ്ചായത്ത് സെക്രട്ടറിയെ കൂടാതെ പഞ്ചായത്ത് കമ്മിറ്റിയും ഗുരുതരമായ ക്രമക്കേടുകൾക്ക് ഉത്തരവാദികളായതിനാൽ താൽക്കാലിക മായി പദ്ധതി നിർവഹണം നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്) ഈ കാര്യം സർക്കാരിന്റെ സജീവമായ പരിഗണനയിൽ ആണ്.

115 (672) ബേഡുക്ക പഞ്ചായത്തിലെ യു.ഡി. ക്ലാർക്കിന്റെ പേരിലുള്ള പരാതി

ശ്രീ. പി. രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേഡുക്ക പഞ്ചായത്തിലെ യു.ഡി. ക്ലാർക്കായിരുന്ന ശ്രീ. തുള സീധരന്റെ പേരിൽ എന്തെങ്കിലും പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച എന്തെങ്കിലും അന്വേഷണം നടത്തിയി ട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ എന്ന് വ്യക്ത മാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ബേഡുക്ക പഞ്ചായത്തിലെ യു.ഡി. ക്ലാർക്ക് ശ്രീ. തുള സീധരൻ അക്കിത്തയുടെ പേരിലുള്ള പരാതി സർക്കാരിന്റെ ശ്രദ്ധിയിൽപ്പെട്ടി ട്ടുണ്ട്.

(ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനുള്ള തുക പിൻവലിച്ച് നിയമവിരുദ്ധമായി മാസങ്ങളോളം കൈവശംവച്ച് തിരിമറി നട ത്തുകയുണ്ടായി.

(സി) ഉണ്ട്.

(ഡി) കുറ്റാരോപണ വിധേയരായ ഉദ്യോഗസ്ഥർക്ക് കുറ്റപത്രം നല്കുകയും തുടർന്ന് വിശദാന്വേഷണത്തിന് അന്വേഷണ ഉദ്യോഗസ്ഥനെ നിയമിക്കുകയും ചെയ്തു.

116 (673) 'പഞ്ചായത്ത് ജീവനക്കാർക്ക് ജി.പി.എഫ്.സ്കീം'

ശ്രീ. വി.കെ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ജീവനക്കാർക്ക് ജി.പി.എഫ്. സ്കീം തുടങ്ങുന്ന തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദ മാക്കുമോ;

(സി) ജി.പി.എഫ്. സ്കീമിൽ ഉൾപ്പെടുത്തുന്നതിന് തടസ്സം ഉണ്ടെ ങ്കിൽ അതുവരെ പഴയ കെ.പി.ഇ.പി.എഫ്. സ്കീം പുനരാരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly